LSGD
കേരള സർക്കാർ
**തദ്ദേശ സ്വയംഭരണ വകുപ്പ്**

തദ്ദേശസ്വയം ഭരണ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
സിവിൽസ്റ്റേഷൻ, കൊല്ലം. പിൻ നമ്പർ .691013-

ഇ - മെയിൽ–ivo1lsgdkollam@gmail.com ഫോൺ നമ്പർ – 0474 2794961

LSGD/JD/KLM/IVO1/140/25 തീയതി: 20/08/2025

ഇന്റേണൽ വിജിലൻസ് ഓഫീസർ-1 &
കൺവീനർ
ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, കൊല്ലം

ശ്രീ. രവി കനകൻ
ചിത്തിര കോട്ടേജ്
മേമനമുറി
ഓച്ചിറ പി.ഒ, കൊല്ലം

സർ,

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ഓഫീസ്, കൊല്ലം - ഓച്ചിറ ഗ്രാമപഞ്ചായത്ത് കെട്ടിട നമ്പർ അനുവദിക്കുന്നില്ലായെന്ന പരാതി സംബന്ധിച്ച്.

സൂചന : താങ്കൾ ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി മുമ്പാകെ ഡോക്കറ്റ് നമ്പരായി സമർപ്പിച്ച അപേക്ഷ. (BPKLM10303000015)

കഴിഞ്ഞ 30 വർഷമായി താങ്കളുടെ ഉടമസ്ഥതയിലുള്ള 2.25 സെന്റ് പുരയിടത്തിൽ നിലനിൽക്കുന്ന OP/IV/49-ാം നമ്പർ കെട്ടിടത്തിന്റെ മുൻവശമുള്ള സ്ഥലം എൻഎച്ച് 66ന്റെ വികസനാവശ്യത്തിന് ദേശീയപാത അതോറിറ്റി ഏറ്റെടുക്കുകയും ഇപ്പോൾ നിലവിലുള്ള 1.5 സെന്റ് സ്ഥലത്ത് ഇതേ നമ്പറിലുള്ള കെട്ടിടം പുതുക്കിപ്പണിഞ്ഞതിനാൽ നിലവിലുള്ള വിസ്തീർണ്ണം 168 സ്ക്വയർ മീറ്റർ ആയി വർദ്ധിക്കുകയും ആയത് അനുസരിച്ചുള്ള കെട്ടിടനികുതി പുനർ നിർണയിച്ച് നൽകുന്നതിന് അപേക്ഷിച്ചിട്ടുള്ളതാണ്. ഏകദേശം 5 മീറ്റർ വീതിയിൽ സ്ഥലം ദേശീയപാതയ്ക്ക് വേണ്ടി എടുത്തിട്ടുള്ളതിനാൽ പാതയോരത്ത് നിന്നുള്ള ദൂരപരിധിയിൽ അരമീറ്ററിൽ കുറവ് ഉണ്ടായിട്ടുണ്ട്. ആയതിനാൽ 1.5 സെന്റിൽ സ്ഥിതി ചെയ്യുന്നതും ഏകദേശം 30 വർഷങ്ങൾക്കു മുൻപേ കെട്ടിട നമ്പരുള്ള OP/IV/49-ാം നമ്പർ കെട്ടിടത്തിന്റെ നികുതി പുനർ നിർണയിച്ച് നൽകണമെന്നതാണ് അപേക്ഷ.

പ്രസ്തുത പരാതി സംബന്ധിച്ച ഫയൽ, അനുബന്ധരേഖകൾ പരിശോധിച്ചതിൽ ചീഫ് ടൗൺ പ്ലാനറുടെ 12.11.2024 തീയതിയിലെ CTPVIG/516/23 അന്വേഷണ റിപ്പോർട്ടിൽ ബഹു. ഹൈക്കോടതിയുടെ WP(C)No.18465/2021 കേസിന്റെ വിധി ന്യായത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതാണ്.

പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് ആരംഭിച്ചിരുന്ന നടപടികൾ അടിയന്തരമായി പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യുന്നതിന് ബഹു.സർക്കാരിന്റെ 30.11.2024 ലെ തസ്വഭവ-ആർ.എ 3/144/2023- തസ്വഭവ നമ്പർ പ്രകാരം നിർദ്ദേശം ഉണ്ടായിട്ടുള്ളതാണ്.

ആയതിനാൽ ഉപജില്ലാ അദാലത്ത് സ്ഥിരം സമിതിയുടെ 06/08/2025 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം താങ്കളുടെ അപേക്ഷ പ്രകാരമുള്ള കെട്ടിട നികുതി പുനർനിർണ്ണയിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഇന്റേണൽ വിജിലൻസ് ഓഫീസർ-1 &
കൺവീനർ
ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി
തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം

SUSEENDRAN. K
PEN No. 401149
INTERNAL VIGILANCE OFFICER /
ASSISTANT DIRECTOR
O/o JOINT DIRECTOR
LOCAL SELF GOVERNMENT DEPARTMENT
CIVILSTATION, KOLLAM
F. 9196046925